# മനുഷ്യാവകാശധ്വംസനങ്ങളും സാഹിത്യപ്രതിനിധാനങ്ങളും

## (ഇന്ദുലേഖ, അഗ്നിസാക്ഷി, സ്മൃപ്പാക്കൊരാനേണ്ടാർന്ന്, മുത്തശ്ശി എന്നീ നോവലുകൾ മുൻനിർത്തിയുള്ള പഠനം)

**ഡോ. ജെൻസി കെ.എ.**
അസി. പ്രൊഫസർ, മലയാളം
സെന്റ് ജോസഫ് സ് കോളേജ്, (ഓട്ടോണമസ്)
ഇരിങ്ങാലക്കുട
E-mail: jencyka@stjosephs.edu.in

**സംഗ്രഹം**

മനുഷ്യാവകാശ പ്രശ്നങ്ങളെ വിവിധതരത്തിൽ നോക്കിക്കാണുന്ന കൃതികൾ മലയാള സാഹിത്യത്തിൽ എമ്പാടും രൂപപ്പെട്ടിട്ടുണ്ട്. നോവൽ സാഹിത്യത്തിന്റെ തുടക്കം മുതൽ തന്നെ മനുഷ്യാവകാശ ലംഘനമാണ് പല മികച്ച കൃതികൾക്കും അടിസ്ഥാനമായി ഭവിച്ചത്. വിവിധ കാലങ്ങളിലെ നാല്നോവലുകൾ പഠനവിധേയമാക്കുന്നതിലൂടെ മനുഷ്യാവകാശ ലംഘനങ്ങളുടെ പശ്ചാത്തലത്തിൽ മലയാള സാഹിത്യം എങ്ങനെ രൂപപ്പെട്ടു എന്നുള്ള ഒരു അന്വേഷണത്തിലേക്കാണ് പ്രബന്ധം എത്തിച്ചേരുന്നത്.

**താക്കോൽവാക്കുകൾ :** മനുഷ്യാവകാശം, പ്രതിനിധാനം

**ആമുഖം**

ഭൗതികയാഥാർത്ഥ്യം മനുഷ്യമസ്തിഷ്കത്തിൽ പ്രതിഫലിക്കുന്നതിന്റെ പരിണതഫലമായാണ് ആശയങ്ങൾ ഉണ്ടാകുന്നത്. മനുഷ്യമസ്തിഷ്കത്തിൽ രൂപമെടുക്കുന്ന ഭ്രമകല്പനകൾ പോലും അനുഭവപരമായി ബാഹ്യാവസ്ഥയിൽനിന്ന് ഉദ്ഭവിക്കുന്നവയാണ്. സ്ഥലകാലനിരപേക്ഷമെന്ന് കരുതപ്പെട്ടിരുന്ന ബോധവും ബോധത്തിന്റെ ആവിഷ്കാരങ്ങളായ കലയും സാഹിത്യവുമൊക്കെ ഭൗതികഘടനയുടെ പ്രതിഫലനമാണെന്ന കാഴ്ചപ്പാടിൽ ചിന്തിക്കുമ്പോൾ അതതുകാലങ്ങളിലെ ഭൗതികസാമൂഹികഘടകങ്ങളെ ഭാവനാത്മകമായ സാഹിത്യത്തിൽ നിന്നും നിർമിച്ചെടുക്കാനാകുമെന്ന് വരുന്നു. അത്തരത്തിൽ മനുഷ്യാവകാശ ധ്വംസനം കാലങ്ങളായി നിത്യ യാഥാർത്ഥ്യമായിക്കഴിഞ്ഞ സമൂഹത്തിന്റെ സ്വാഭാവിക പ്രതികരണമാണ് അവന്റെ സാഹിത്യവും കലകളും എന്ന് നിരീക്ഷിക്കാവുന്നതാണ്. പത്തൊൻപത് – ഇരുപത്

നൂറ്റാണ്ടുകളിലെ വിവിധ സാഹിത്യ മാതൃകകളുടെ പ്രതിനിധാനത്തിലൂടെ ഈ ആശയം വ്യക്തമാക്കാൻ ശ്രമിക്കുകയാണ്. സാഹിത്യം വസ്തുതയും സത്യവും ഇടകലരുന്നതാണ് എന്ന വസ്തുത നിലനിൽക്കുന്നുണ്ടെങ്കിലും യാഥാർത്ഥ്യത്തിന്റെ അനേകം പതിപ്പുകളിൽ ഒന്നു മാത്രമായി നമുക്ക് സാഹിത്യത്തെ അടയാളപ്പെടുത്താം. കലയിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന യാഥാർത്ഥ്യത്തിന്റെ നിലനിൽപ്പ് പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്നാൽ എഴുത്തിലൂടെ ഉരുത്തിരിയുന്ന യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനങ്ങളെ കണ്ടില്ല എന്ന് നടിക്കുക സാധ്യമല്ല. സാഹിത്യത്തിലെ ചില പ്രതിനിധാനങ്ങളെ ഉപയോഗിച്ച് മനുഷ്യാവകാശങ്ങൾ പല കാലഘട്ടങ്ങളിൽ എങ്ങനെ വിനിമയം ചെയ്യപ്പെട്ടിരുന്നു എന്ന് കണ്ടെത്താൻ ശ്രമിക്കുകയാണ്. ഇവിടെ പ്രതിനിധാനം എന്ന സങ്കല്പനം അർത്ഥത്തെയും ഭാഷയെയും സംസ്കാരവുമായി ബന്ധിപ്പിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാനും യാഥാർത്ഥ്യം ഭാഷയിലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്നതെങ്ങനെയെന്ന് അവലോകനം ചെയ്യാനും ശ്രമിക്കുന്നുണ്ട്.

**മനുഷ്യാവകാശവും ഇന്ദുലേഖയും**

കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ സ്ഥാനം എന്ന സമസ്യ ഉന്നയിച്ചുകൊണ്ടാണ് ഇന്ദുലേഖയുടെ തന്നെ ആവിർഭാവം. അടുക്കളയിലെയും കിടപ്പറയിലെയും ഉപകരണമെന്നതിലും കവിഞ്ഞ് സ്ത്രീക്ക് സവിശേഷ അസ്തിത്വമുണ്ടെന്നും ഉചിതമായ സന്ദർഭങ്ങളിൽ വേണ്ടിവന്നാൽ ആണിനെക്കാൾ 'ആണത്ത'ത്തിലേക്കുയരാൻ അവൾക്ക് കഴിയുമെന്നും ഇന്ദുലേഖ തെളിയിച്ചു. കൊളോണിയൽ ആധുനികതയിലൂടെയും ദേശീയമായ സ്വാഭാവിക ജാഗരണങ്ങളിലൂടെയും കൈവരിച്ചു വന്ന ഉയർച്ചയുടെ സ്ഫുരണമായിരുന്നു അത്. സ്ത്രീയെ അസ്വതന്ത്രതയിൽ തളച്ചിട്ടിരുന്നത് പ്രധാനമായും ആചാരാനുഷ്ഠാനങ്ങളും യാഥാസ്ഥിതികവിശ്വാസങ്ങളുമായിരുന്നതിനാൽ അവയെ തകർത്തുകൊണ്ട് മാത്രമേ സ്ത്രീശാക്തീകരണം സാധ്യമാവൂ എന്ന് ഇന്ദുലേഖ തന്നെ, ഏറെപരിമിതികളോടെയാണെങ്കിലും, വ്യക്തമാക്കുകയും ചെയ്തു. ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ മദിരാശിയിലേക്ക് കൊണ്ടുപോകുമെന്ന് മാധവൻ പറയുമ്പോൾ അത് കാരണവരോടുള്ള ധിക്കാരമായിട്ടാണ് അദ്ദേഹം എടുക്കുന്നത്. വിദ്യയഭ്യസിക്കാൻ ഒരു വ്യക്തിക്കുള്ള അവകാശത്തെ നിഷേധിക്കുന്ന നിലപാടിനെയാണ് മാധവൻ അവിടെ ചോദ്യം ചെയ്യുന്നത്. സ്വന്തം ഇഷ്ടത്തിന് അനുസരിച്ച് ഭർത്താവിനെ കണ്ടെത്തുവാനുള്ള സ്ത്രീയുടെ അവകാശത്തെയും ഇന്ദുലേഖ എന്ന നോവൽ ഊന്നിപ്പറയുന്നുണ്ട്. ഭക്ഷണത്തിൽ, വസ്ത്രത്തിൽ, ആചാരമര്യാദകളിൽ, സംസാരത്തിൽ എല്ലാം ഒരു സ്വതന്ത്രസ്ത്രീയായി ഉയർന്ന് ചിന്തിക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ദുലേഖയെ പ്രാപ്തയാക്കുന്നു എന്നാണ് നോവൽ സമർത്ഥിക്കുന്നത്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാനുള്ള തങ്ങളുടെ അവകാശത്തിന് വേണ്ടിയാണ് സ്ത്രീ പടപൊരുതുന്നത് എന്ന് കാണാൻ കഴിയും . ഇന്ദുലേഖ - കല്യാണിക്കുട്ടി ദ്വന്ദ്വങ്ങളിലൂടെ മനുഷ്യാവകാശ ധ്വംസനത്തിന്റെ വ്യഥയനുഭവിപ്പിക്കുകയാണ് അടിസ്ഥാനപരമായി നോവലിസ്റ്റ് ചെയ്യുന്നത്.

**സ്ത്രീസ്വാതന്ത്ര്യവും ഉന്നതകുലയാഥാസ്ഥിതിക സ്ത്രീജീവിതവും അഗ്നിസാക്ഷിയിൽ**

ഇന്ത്യൻ ചരിത്രത്തിലൂടെയും ദേശീയതയിലൂടെയും സ്ത്രീ നടത്തിയ സഞ്ചാരങ്ങളും അതിലൂടെ കൈവരിച്ച സാമൂഹികമായ പുരോഗതിയും പിന്നീട് അഗ്നിസാക്ഷി പോലുള്ള കൃതികളിലൂടെ വരച്ചിടുകയുണ്ടായി. പുരുഷാധിഷ്ഠിത -ധനാധിഷ്ഠിത -വർണാധിഷ്ഠിത സമൂ

ഹംഘടനയുടെ ഇരുമ്പുകോട്ടകളിൽ വിള്ളൽ വീഴ്ത്തുവാനും ഈ കൃതിക്ക് കഴിഞ്ഞു. ലളിതാം ബിക അന്തർജ്ജനത്തിന്റെ തന്നെ അഭിപ്രായത്തിൽ ഏതാണ്ട് നാൽപ്പതു വർഷക്കാലത്തെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ ഓർമ്മക്കുറിപ്പുകൂടിയാണ് ഈ നോവൽ. കേരളീയ സമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ കഥകൂടിയാ ണിത്. സാമൂഹിക സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ബലിദാനമായി കൊടുത്ത് മാനമ്പ ള്ളി ഇല്ലത്ത് 'അഗ്നിസാക്ഷി'യായി 'കുടി' കയറിയെത്തിയ തേതിക്കുട്ടിക്കാവിന്റെ കഥയാണ് നോവൽ. മലയാളനോവലിന്റെ വികാസചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടാണ് ഈ കൃതി.

എന്നാൽ, ഫ്യൂഡൽ സംബന്ധലൈംഗികതയുടെ തടവിൽനിന്ന് പുറത്തുകടക്കാൻ കഴി ഞ്ഞെങ്കിലും സ്ത്രീ സ്വാതന്ത്ര്യമെന്നത് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ നിന്നും സങ്കൽപ്പ സീമയിൽനിന്നും ഏറെയകലെത്തന്നെയാണ്. സ്വന്തം കൃത്യങ്ങൾ 'ആൺതുണ'യിൽ നിർവഹി ക്കുന്ന സ്ത്രീ എന്ന സങ്കൽപ്പമാണ് ഇന്നും സമൂഹത്തിൽ അധീശത്വം വഹിക്കുന്നത്. വിവാഹം മഹത്വവൽക്കരിക്കപ്പെടുന്നതിനും ഭർത്തൃരഹിതയായ സ്ത്രീയെ സംശയത്തോടുകൂടി മാത്രം നോക്കിക്കാണുന്നതിനും കാരണം സ്ത്രീ അബലയാണെന്ന ധാരണയിൽനിന്ന് ഇനിയും മോ ചനമില്ലെന്നതാണ്. നമ്പൂതിരി സമുദായത്തിലെ മനുഷ്യത്വവിരുദ്ധവും സ്ത്രീവിരുദ്ധവും ആയ ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരായുള്ള പ്രക്ഷോഭത്തിന് കഥകളിലൂടെ ആവേശം പകർന്ന അവരുടെ ഏക നോവലാണ് അഗ്നിസാക്ഷി . ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങ ളിലെ കേരളീയ നവോത്ഥാന ചരിത്രത്തിന്റെ വികാസപരിണാമങ്ങളുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ട ഒരു നമ്പൂതിരി വനിതയുടെ ജീവിതമാണത്. വായനയുടെയും സ്വതന്ത്രചി ന്തയുടെയും ലോകത്ത് വളർന്ന ദേവകിക്ക്, മാനമ്പിള്ളി ഇല്ലത്തെ ഉണ്ണിനമ്പൂതിരിയുമായുള്ള വിവാഹത്തിലൂടെ ആ ഭൂതകാലജീവിതത്തോട് വിടപറയേണ്ടിവരുന്നു. ദുഷ്ടനോ സ്നേഹശൂന്യ നോ ഭീരുവോ ആയ ഭർത്താവായിരുന്നില്ല ഉണ്ണിനമ്പൂതിരി. അപ്ഫന്റെ മകളായ തങ്കത്തിന്റെ യും അനുജൻ നമ്പൂതിരിയുടെയും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മറ്റും സ്വതന്ത്രനിലപാട് എടുക്കുന്നതിനുള്ള ധീരത അദ്ദേഹം കാണിക്കുന്നുമുണ്ട്. എന്നാൽ സ്വന്തം വ്യക്തിജീവിതത്തിൽ ആചാരങ്ങളിൽനിന്ന് അണുവിടമാറാൻ അദ്ദേഹം തയ്യാറായില്ല. പൂജയും മന്ത്രവും സ്വന്തം ജീവിതചര്യയായി സ്വീകരിച്ച് സ്വയംപീഡനം നടത്താൻ തയ്യാറായപ്പോൾ പത്നിയും ആ പീഡനത്തിനിരയാകുന്നത് കർമഫലം എന്ന് ന്യായീകരിക്കാനാണ് അദ്ദേഹം തുനിഞ്ഞത്. സ്വാതന്ത്ര്യ ധ്വംസനത്തിന്റെ കാഴ്ചകൾ ജനങ്ങളിലേക്ക് എത്തിക്കാനും അവയ്ക്കെതിരെ പ്രതിക രിക്കേണ്ടതുണ്ട് എന്ന് ബോധ്യപ്പെടുത്താനും ഇടവരുത്തിയ നോവലാണിത്. മനുഷ്യാവകാശ ലംഘനങ്ങളെ തുറന്നുകാണിക്കാൻ ഉപകരിക്കുകയും പിൽക്കാലത്ത് മാതൃകയായി മാറുകയും ചെയ്ത കൃതിയാണിത്.

### വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന കൃതിയിൽ

പുതിയൊരു ലോകം, പുതിയൊരു ദേശം, പുതിയൊരു ജീവിതം, പുതിയ മനുഷ്യൻ എന്ന കാഴ്ചപ്പാടാണ് നവോത്ഥാന പ്രവർത്തനങ്ങൾ മുന്നോട്ടുവച്ചതെന്നതിനാൽ നവോത്ഥാനകാല എഴുത്തുകാരുടെ രചനകളിലും ആഭ്യന്തരവും ബാഹ്യവുമായ ചക്രവാളം അതുതന്നെയായിരുന്നു. എഴുത്തിന്റെ ലോകത്തെ ശക്തമായ പ്രതിനിധാനമായി വൈക്കം മുഹമ്മദ് ബഷീർ എത്തുന്ന

നാൽപ്പതുകൾ ഈ ചക്രവാളത്തിളക്കത്തിന്റെ വർണരേണുക്കളാണ് . 'പ്രേമലേഖനം' മുതലുള്ള അദ്ദേഹത്തിന്റെ രചനകളെ ശക്തമായ നവലോകാഭിദർശനങ്ങളാക്കി നോക്കിക്കാണാവുന്നതാണ്. . നവോത്ഥാനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബഷീറും തകഴിയും കേശവദേവുമെല്ലാം സ്വന്തം രചനകളിലൂടെ നൽകിയ സംഭാവനകൾ, വളരെ വലുതാണ്. അവയിലെ സമാനതകളും വ്യതിരിക്തതകളും, വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വ്യതിരിക്തതകൾക്കുള്ളിൽത്തന്നെ നിലകൊള്ളുന്ന സ്വത്വപരമായ വേറിടൽ കൊണ്ട് പദങ്ങളെയും വാക്യങ്ങളെയും സന്ദർഭങ്ങളെയും തികച്ചും വ്യതിരിക്തമാക്കി തന്നിലേക്കൊട്ടിച്ച് നിർത്തുന്ന ബഷീറിയൻ രചനാതന്ത്രത്തിന്റെ സവിശേഷതകൾ തികഞ്ഞ 'ന്റുപ്പുപ്പാക്ക് ഒരാനേണ്ടാർന്ന്'' ഈ സാഹചര്യത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ചെറുപ്പകാലം വളരെ ദൂരത്താണല്ലോ എന്ന്, നോവലിന്റെ ആരംഭത്തിൽത്തന്നെ ഘടിപ്പിച്ചിരിക്കുന്ന ഒരു പരാമർശമുണ്ട്. നായികയായ കുഞ്ഞുപാത്തുമ്മയുടെ കുട്ടിക്കാലത്തിലേക്ക് അനുവാചകരെ നയിക്കുന്നതിനുവേണ്ടി ഗ്രന്ഥകാരൻ നടത്തുന്ന നിരുപദ്രവകരമായൊരു പരാമർശമാണത്. ആനുഷംഗികമെന്ന മട്ടിലുമുള്ള ആ പരാമർശം ഗ്രന്ഥം ഉൾക്കൊള്ളുന്ന കാലത്തെയും ആ കാലത്തിലൂടെ പരിണാമപ്പെട്ടുവരുന്ന ദേശത്തെയും കൂടി ഉൾക്കൊള്ളുന്നതാണെന്നു കാണാം. കുഞ്ഞുപാത്തുമ്മയുടെകുട്ടിക്കാലംമുതൽഇരുപത്തിരണ്ടുവയസ്സുവരെയെത്തുന്ന ജീവിതവും നിസാർ അഹമ്മദുമായുള്ള വിവാഹവുമാണ് നോവലിലെ പ്രത്യക്ഷത്തിലുള്ള പ്രമേയം. തന്നെ കടിച്ച എറുമ്പിനോട് വേദനയോടെ, 'നു കടിച്ചും പോള്ള എല്ലാരേം കടിച്ചല്ലേ' എന്നു പറയുന്ന കുഞ്ഞുപാത്തുമ്മയുടെ മനോഭാവത്തെ കുട്ടിത്തമെന്നോ മണ്ടത്തരമെന്നോ അപഹസിക്കുന്ന ലോകം ഈ ചെറുപ്പത്തിൽ നിന്ന് വളരെ ദൂരെയാണ് നിലകൊള്ളുന്നത്. താൻ വേദന സഹിക്കേണ്ടിവന്നാലും മറ്റുള്ളവർ വേദനിക്കാനിടവരരുതെന്ന പുതിയമാനവികതാബോധത്തിന്റെ മറ്റൊരു രൂപമാണ് കുഞ്ഞുപാത്തുമ്മയിൽ കാണുന്നത്. സമൂഹം പുതിയ മാനവികതയിലേക്ക്, അതിന്റെ ഒരു പ്രകടിതരൂപമായ ആധുനികതയിലേക്ക് കടക്കുന്നതിന് വിഘാതമായി വരുന്ന കടമ്പകളാണ് ഈ നോവലിന്റെ സ്ഥൂലരൂപം തീർക്കുന്നത്. സാമൂഹികമായ പിന്നാക്ക നിലയാണ് അതിൽ പ്രധാനമെന്നും പറയാം. നോവലിന്റെ ആരംഭം മുതൽ നാം കണ്ടെത്തുന്ന കഥാപാത്രങ്ങൾ, ജീവിതബന്ധങ്ങൾ, ജീവിത സാഹചര്യങ്ങൾ, ഭാഷ, ആചാരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം ആധുനികത എന്ന സങ്കൽപ്പത്തിനും വിശാലമാനവികതയ്ക്കും പ്രതിദ്വന്ദ്വികളായി നിൽക്കുന്നു. മാറ്റം എന്ന സങ്കൽപ്പത്തെത്തന്നെ ഉൾക്കൊള്ളാനാവാത്ത കാഴ്ച്ചപ്പാടും വ്യവസ്ഥിതിയുമാണ് അവിടെ തുടർന്നുവന്നത്. ആധുനികത ഗ്രാമജീവിതത്തിലേക്കെത്തിയത് അതിനെ പാടേ മാറ്റിമറിച്ചുകൊണ്ടാണ്. കെട്ടിക്കാൻ പ്രായം കഴിഞ്ഞിരിക്കുന്ന ഒരു മുസ്ലീം പെണ്ണ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരാൺ പിറന്നവനോട് വർത്തമാനം പറഞ്ഞുവെന്നത് കുഞ്ഞുപാത്തുമ്മയെപ്പോലൊരു മുസ്ലീം പെൺകുട്ടിയിൽ നിന്ന് ഒരിക്കലും പ്രതീക്ഷിക്കുന്നതായിരുന്നില്ല. ജീവിതസൗകര്യങ്ങളിലും ജീവിതസാഹചര്യങ്ങളിലും ജീവിതസങ്കൽപ്പങ്ങളിലും ജീവിതബന്ധങ്ങളിലുമുള്ള സമഗ്രമായൊരു പൊളിച്ചെഴുത്താണ് ആധുനികത നിർവഹിച്ചത്. അതിന്റെ തിരപ്പുറപ്പാട് കേരളസമൂഹത്തിൽ, വിശേഷിച്ചും മുസ്ലീം സമൂഹത്തിൽ വരുത്തിയ പ്രതിരണനങ്ങളാണ് ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു -ൽ നാം കേൾക്കുന്നത്. ആ പൊളിച്ചെഴുത്തിൽ ഏറ്റവും പ്രധാനമായും അഴിഞ്ഞുവീണത് പേര് സൂചിപ്പിക്കുന്നതുപോലെ, വൃത്തികെട്ട കുലമഹിമാഘോഷണം തന്നെ. സാമ്പത്തികമികവോ, സ്ഥാനവലിപ്പമോ അല്ല, മാനുഷികമായ നിറവാണ് മാനിക്കപ്പെടേണ്ടതെന്ന നവോത്ഥാനമന്ത്രം

ആ പേരിൽ മുഴങ്ങുന്നുണ്ട്. വ്യക്തിസ്വത്വവും സാമുദായികസ്വത്വവും സമൂഹസ്വത്വവും തമ്മിലുള്ള സംഘർഷങ്ങളെ അതിജീവിക്കാൻ മാനുഷികതയും മനുഷ്യാവകാശവും മുൻനിർത്തി നടത്തുന്ന സമര-സമന്വയ തന്ത്രങ്ങളുടെയും അവ വരുത്തുന്ന പരിണാമങ്ങളുടെയും സൂക്ഷ്മ ശ്രുതികൾ ഈ കൃതിയിൽ ആദ്യന്തം നമുക്ക് കേൾക്കാം. ഗ്രന്ഥാവസാനത്തിൽ ചേർത്തിരിക്കുന്ന "ശുഭം" വെറുമൊരു സാമ്പ്രദായിക നിർവഹണത്തെയല്ല, സമൂഹത്തിൽ നടന്നുവരുന്ന സോദ്ദേശ്യമായ പരിണാമപ്രക്രിയയുടെ പര്യവസാനത്തെയും പ്രതീക്ഷയെയുമാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, കക്കൂസ് തുടങ്ങിയവ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം, കുടുംബം വിട്ട് പുറത്ത് വരേണ്ടതിന്റെ പ്രാധാന്യം തുടങ്ങി നിരവധി മനുഷ്യാവകാശങ്ങളിലേക്ക് ചിന്ത കടത്തിവിടുന്നതിന് ഈ കൃതി പര്യാപ്തമാകുന്നു.

### ചെറുകാടിന്റെ മുത്തശ്ശി – മനുഷ്യാവകാശത്തിനായുള്ള സംഘടിത ശ്രമം

ജാതിമേധാവിത്വവും ജന്മിത്തവും അവയുമായി ബന്ധപ്പെട്ട മറ്റനാചാരങ്ങളും കേരളീയ സമൂഹത്തിനുമേലാകെ നിഴൽവീഴ്ത്തിയിരുന്ന ഒരവസ്ഥയെയാണ് ചെറുകാടിന്റെ നോവലുകൾ തുടക്കത്തിൽ നമുക്ക് കാട്ടിത്തരുന്നത്. ആദ്യനോവലായ മരണപത്രം, നമ്പൂതിരി സമുദായത്തിനുള്ളിൽ അന്ന് സാധാരണമായിരുന്ന ഫ്യൂഡലിസ്റ്റ് ധനദുർമ്മോഹത്തെയും അധികാര പ്രമത്തതയെയും അനാവരണം ചെയ്തു കാണിക്കുന്നു. പഴമയുടെ മറക്കുടയ്ക്കുള്ളിൽ സുസ്ഥിതി തേടുന്നവരെയും അവരുടെ സുഖാലസതയ്ക്കിടയിൽത്തന്നെ കിളിർത്തുപൊന്തി വെളിച്ചം തേടുന്ന പുതുമയുടെ സകലശക്തികളെയും നാമിവിടെ കാണുന്നു. അവ തമ്മിലുള്ള സംഘർഷമാണ് ഇതിലെ പ്രമേയമെന്നു പറയാം. എന്നാൽ ആ സംഘർഷം സൂക്ഷ്മതലത്തിലൊതുങ്ങുന്നതും ബഹുമുഖവുമാണ്. ഈ സവിശേഷത നിലനിർത്താൻ എന്നും കഴിഞ്ഞതുകൊണ്ട് ചെറുകാടിന്റെ നോവലുകൾ ലഘൂകരണത്തിന് വിധേയമാകാതിരിക്കുകയും ജീവിതത്തിന്റെ സമഗ്രസ്വഭാവത്തിന് പ്രാതിനിധ്യം വഹിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളൊന്നും നന്മയുടെയോ തിന്മയുടെയോ ഏകമാത്രപ്രതിനിധാനങ്ങളല്ല. അതുകൊണ്ടാണ് പല സോദ്ദേശരചനകളിലും സംഭവിച്ചതുപോലെ, ചെറുകാടിന്റെ കഥാപാത്രങ്ങൾ ടൈപ്പുകളാകാതെ സവിശേഷ വ്യക്തിത്വരൂപങ്ങളായി വളർന്നുനിൽക്കുന്നത്. മരണപത്രത്തിലെ കുഞ്ചുണ്ണി നമ്പൂതിരിപ്പാടും കുഞ്ഞുണ്ണിനമ്പൂതിരിപ്പാടും ഈ വസ്തുതയ്ക്ക് നല്ല ഉദാഹരണങ്ങളാണ്. മുത്തശ്ശിയിൽ, നാണിയുടെ ജീവിതത്തിലേക്ക് അവളുടെ ഹിതത്തിന്നെതിരായി കടന്നുവരുകയും അങ്ങേയറ്റത്തെ ധാർഷ്ട്യത്തോടെ പെരുമാറുകയും ചെയ്യുന്ന കുട്ടപ്പൻനായർ പോലും നമ്മുടെ വിദ്വേഷത്തേക്കാളേറെ അനുകമ്പയാണ് പിടിച്ചുപറ്റുന്നത്. അനുകമ്പ, കുട്ടപ്പൻനായരെന്ന വ്യക്തിയിലേക്കും വിദ്വേഷം, അയാളെ അങ്ങനെയാക്കി മാറ്റിയ സമൂഹത്തിലേക്കും തിരിയുന്നുവെന്നു പറയുകയാവും ശരി. അങ്ങനെ സമുദായ ദുർനീതികളുടെ പ്രതിനിധിയായി വരുന്ന കുട്ടപ്പൻ നായർ പോലും ടൈപ്പായിമാറുന്നില്ല എന്നിടത്താണ് ചെറുകാടിലെ കലാകാരന്റെ അസൂയാവഹമായ വിജയം കുടികൊള്ളുന്നത്. ചൂഷണത്തിന്റെയും കാപട്യത്തിന്റെയും മൂർത്തീകരണമായ സ്കൂൾ മാനേജർ കുഞ്ഞനെഴുത്തച്ഛനായാലും വിപ്ലവകാരി എന്ന പേരിൽ വന്ന് സ്വാർഥം തേടിപ്പോയി, തിന്മകളിൽചേക്കേറുന്ന ഐഎഎസ് ഓഫീസർ രാമചന്ദ്രനായാലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ഈ കലാസൗഭഗത്തോടെയാണ്. ഇവിടെ ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങളെ സംബന്ധിച്ച ചിന്ത പ്രസക്തമാവുന്നു. അദ്ദേഹത്തിന്റെ നോവലുകളിലും നാടകങ്ങളിലും നാം കണ്ടെത്തുന്ന

ഒട്ടനവധി കഥാപാത്രങ്ങളിൽ ഏറെയും ശ്രദ്ധപിടിച്ചുപറ്റുന്നത് അവരിലെ വനിതാ പ്രതിനിധികളായിരിക്കും. എത്രതന്നെ പ്രതാപവാന്മാരും പ്രമുഖരുമാണെന്നിരുന്നാലും പുരുഷ കഥാപാത്രങ്ങളെല്ലാം അവരുടെ മുന്നിൽ നിഷ്പ്രഭരാവുകയേയുള്ളൂ. അടിച്ചമർത്തപ്പെട്ട സമൂഹത്തിന്റെ ഉന്നമനമായിരുന്നു ചെറുകാടിന്റെ ലക്ഷ്യം. സമൂഹത്തിൽ ഏറ്റവുമധികം അടിമത്തം അനുഭവിക്കുന്നത് സ്ത്രീകളാണ്. അതുകൊണ്ട് അടിമത്തത്തിൽ നിന്ന് സ്ത്രീയെ മോചിപ്പിച്ചെങ്കിലേ സമൂഹം ശുദ്ധമാകൂ എന്നദ്ദേഹം കരുതി. സ്ത്രീമോചനമാകട്ടെ, പുരുഷന്മാരുടെ പ്രസംഗങ്ങളിലൂടെയല്ല സ്ത്രീകളുടെ ആത്മബോധത്തിലൂടെയേ സാധ്യമാവൂ എന്നും അദ്ദേഹം വ്യക്തമാക്കി. . ഇതെല്ലാം അദ്ദേഹം ആലോചിച്ച് തീരുമാനിച്ചുചെയ്തു എന്നല്ല, അനുഭവപാഠങ്ങൾ അദ്ദേഹത്തെക്കൊണ്ട് അങ്ങനെയൊക്കെ ചെയ്യിച്ചു എന്നേ പറയാനുള്ളൂ. ഏതായാലും, മലയാളത്തിലെ മറക്കാനാവാത്ത കഥാപാത്രങ്ങളാണ് ചെറുകാടിന്റെ മാനസപുത്രിമാരെല്ലാംതന്നെ.

ജീവിതത്തിലായാലും സാഹിത്യത്തിലായാലും മുത്തശ്ശിമാർ യാഥാസ്ഥിതികത്വത്തിന്റെ പ്രതീകമാവുകയാണ് പതിവ്. എന്നാൽ തന്റെ നോവലുകളിൽ ചെറുകാട് നമ്മുടെ മുത്തശ്ശി സങ്കൽപ്പം പൊളിച്ചെഴുതുന്നു. മുത്തശ്ശിയിലെയും മണ്ണിന്റെമാറിലെയും മുത്തശ്ശിമാർ കാലം മാറിയത് കണ്ടറിയാനും അതറിഞ്ഞ് കാലത്തിനുമുന്നേ ചരിക്കാനും തയ്യാറായവരാണ്. മുത്തശ്ശിയിലെ മുത്തശ്ശിയെ എല്ലാവിധ യാഥാസ്ഥിതികസങ്കൽപ്പങ്ങളുടെയും പ്രതിനിധിയായിട്ടാണ് നോവലിന്റെ തുടക്കത്തിൽ നാം കാണുക. എന്നാൽ ജീവിതം അവരെ പലതും പഠിപ്പിക്കുന്നു. നാണിയുടെ പ്രവർത്തനങ്ങളിൽ നിന്നും നാട്ടിൽ നടക്കുന്ന സംഭവങ്ങളിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നുമെല്ലാം ജീവിതത്തെ കാലം കരുതിയിരുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമായിക്കാണാൻ  പ്രേരിതയാകുന്നു. ഓരോ അനുഭവവും അവരെ ദീപ്തമാക്കുന്നു. അവസാനം നാട്ടുകാർക്കെന്നല്ല നാണിമിസ്ട്രസ്സിനുപോലും ആവേശം പകരാൻ കഴിയുന്നൊരു വ്യക്തിയായി മാറുന്ന മുത്തശ്ശി മലയാളം കണ്ട ഉജ്ജ്വലകഥാപാത്രങ്ങളിലൊന്നാണ്. ഗതികെട്ട ഒരു കഥാപാത്രത്തിന്റെ കയ്യിൽ അവസാനം ഒരു കൊടിയും കൊടുത്തുവിടുകയല്ല ചെറുകാട് ചെയ്തത്. കൊടിയും കൂട്ടവുമെല്ലാം വെറുക്കുകയും ഭയക്കുകയും ചെയ്തിരുന്ന വ്യക്തി ജീവിതാനുഭവങ്ങളിലൂടെ ആ കൊടി സ്വന്തം ജീവരക്തമാണെന്ന് തിരിച്ചറിയുകയാണ് ചെയ്യുന്നത്. ആ തിരിച്ചറിവിന്റെ സ്വാഭാവികതയും വിശ്വസനീയതയുമാണ് നോവലിന്റെ വിജയം. യഥാർഥ പ്രോലിറ്റേറിയൻ നോവൽ മനുഷ്യ ജീവിതാഖ്യാനമായി മാറുന്നത് മുത്തശ്ശി കാട്ടിത്തരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിനെക്കുറിച്ച് അന്നത്തെ ജനതയ്ക്കും അറിവുണ്ടായിരുന്നില്ല. സ്കൂൾ മാനേജർ ഇൻസ്പെക്ഷന്റെ ദിവസം മാത്രമാണ് സ്കൂൾ ശരിയാംവിധം നടത്തുക. കുട്ടികളുടെയും അധ്യാപകരുടെയും അംഗസംഖ്യ പോലും കൃത്രിമമായിരിക്കും. നാണി ആദ്യം അധ്യാപികയാകുന്നത് കൊല്ലത്തിൽ ആറുറുപ്പിക ശമ്പളത്തിനു മാനേജർ ഇടയ്ക്ക് വീട്ടിൽ കൊണ്ടുവന്നു കാണിയ്ക്കുന്ന രജിസ്റ്ററിൽ ഒപ്പുവെച്ചു കൊണ്ടാണ് – 'ഒപ്പുമിസ്ട്രസ്സ് '. കുട്ടികൾക്ക് ജയിച്ചതിനു സർട്ടിഫിക്കറ്റ് ലഭിയ്ക്കണമെങ്കിൽ മാനേജർക്ക് കൈക്കൂലികൊടുക്കണമായിരുന്നു. മാനേജർ സ്വാർത്ഥനും, അത്യാഗ്രഹിയും പിശുക്കനുമാണെങ്കിൽ അധ്യാപകരുടെ അവസ്ഥ വളരെ ദയനീയമായിരിയ്ക്കും. നിയമനം, ശമ്പളം, പിരിച്ചുവിടൽ എല്ലാംമാനേജരുടെ തീരുമാനപ്രകാരമാണ് നടക്കുക. എതിർക്കാനാർക്കും അവകാശമില്ല. ഇൻസ്പെക്ടറും മാനേജരുടെ പോലെ കൈക്കൂലിമേടിയ്ക്കുന്നവനാകയാൽ നിഷ്പക്ഷമായി പെരുമാറില്ല. ഗ്രാന്റ് കൊടുക്കുന്നഗവണ്മെന്റ്

 ISSN: 2582 - 2594

അനുശാസിയ്ക്കുന്ന നിയമങ്ങൾ പാലിയ്ക്കാൻ മാനേജർ തയ്യാറാകില്ല. ഹയർട്രെയിനിംഗ് കഴിഞ്ഞവർ തന്നെ ഹെഡ്മാസ്റ്ററാകണം. രണ്ടു ഹയർട്രെയിനിംഗ് കഴിഞ്ഞവർക്ക് ഒരു അൺട്രെയിന്റ് സാറിനെ 'അനുസരിയ്ക്കാൻ പ്രയാസമായിരുന്നു. ഇതിനെല്ലാമെതിരെപ്രവർത്തിയ്ക്കാനാണ് അദ്ധ്യാപകസംഘടന നിലവിൽ വന്നത്. വിദ്യാഭ്യാസാവകാശങ്ങൾ നേടിയെടുക്കുന്നതിനു സംഘടിത ശക്തിയായി പ്രവർത്തിക്കുവാൻ ആരംഭിക്കുന്ന ഘട്ടത്തിലാണ് ഈ നോവൽ ചെന്നെത്തിനില്ക്കുന്നത്. മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ ഭാഗം കൂടിയാണിത്.'

**ഉപസംഹാരം**

വിദ്യാഭ്യാസം, സ്ത്രീ പ്രാതിനിധ്യം, സാമൂഹ്യനവോത്ഥാനം എന്നീ മേഖലകളിൽ പത്തൊൻപത് - ഇരുപത് നൂറ്റാണ്ടുകളിൽ സംഭവിച്ച മാറ്റങ്ങളെ അടയാളപ്പെടുത്തുന്ന നോവലുകളെയാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയത്. മനുഷ്യാവകാശങ്ങളെ പുനർനിർവ്വചിക്കുന്നതിനും സാമൂഹ്യപുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാഹിത്യത്തിലെ ഇത്തരം പ്രതിനിധാനങ്ങൾ സഹായിച്ചിട്ടുണ്ട്.

* ഒ. ചന്തുമേനോൻ എഴുതിയ ഇന്ദുലേഖയുടെ രചനയിലൂടെ മലബാറിലെ സംബന്ധ വ്യവസ്ഥിതി, വിവാഹരീതി, സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത, ദേശീയതയുടെ ആവിർഭാവം, സുകുമാരകലകളിൽ സ്ത്രീകൾക്ക് പ്രാവീണ്യം നൽകേണ്ടതിന്റെ പ്രാധാന്യം താഴേക്കിടയിലുള്ളവർക്കും വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത തുടങ്ങി സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ചർച്ചചെയ്യുന്നുണ്ട്. പിൽക്കാല സമൂഹത്തിലെ നീതിന്യായ വ്യവസ്ഥിതിയിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ കൃതിക്ക് സാധിച്ചിട്ടുണ്ട്.

* വായനയുടെയും സ്വതന്ത്രചിന്തയുടെയും ലോകത്ത് വളർന്ന ദേവകിക്ക്, മാനമ്പിള്ളി ഇല്ലത്തെ ഉണ്ണിനമ്പൂതിരിയുമായുള്ള വിവാഹത്തിലൂടെ ആ ഭൂതകാലജീവിതത്തോട് വിടപറയേണ്ടിവരുന്നു. ദേവീ ബഹൻ എന്ന അന്തർജ്ജനത്തിന്റെ കഥയിലൂടെ സാമൂഹ്യ പരിഷ്കരണം, കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ അപാകതകൾ, സംബന്ധ വ്യവസ്ഥിതി ഏൽപ്പിക്കുന്ന അസമത്വങ്ങൾ തുടങ്ങിയവയൊക്കെ പ്രതിനിധാനം ചെയ്യപ്പെടുന്നു

* വൈക്കം മുഹമ്മദ് ബഷീറിന്റെ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവൽ മുസ്ലീം സാമൂഹ്യ ജീവിതത്തിലെ യഥാതഥ പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്നു. മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, ശുചിത്വബോധം, സാമൂഹ്യ അസമത്വങ്ങൾക്കെതിരെ കണ്ണുതുറക്കാനുള്ള ആഹ്വാനം തുടങ്ങി വ്യത്യസ്തമായ തലങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ സഹായിച്ച നോവലാണ് ഇത്.

* ചെറുകാടിന്റെ മുത്തശ്ശി എല്ലാ വിഭാഗം ജനങ്ങൾക്കും നീതിയും സാമൂഹിക സമത്വവും നടപ്പിലാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗം സോഷ്യലിസമാണെന്ന് വിശ്വസിച്ച നോവലാണ് 'മുത്തശ്ശി കമ്മ്യൂണിസത്തിൽ ഉറച്ചു വിശ്വസിച്ചിരുന്നതുപോലും മനുഷ്യാവകാശങ്ങൾ നേടിയെടുക്കാൻ ഉതകുന്ന ഇടം എന്ന നിലയ്ക്കാണ്.'

## സഹായക ഗ്രന്ഥസൂചി

1. നവോത്ഥാനാനന്തര മലയാള നോവൽ, ഡോ. എസ്. രാജശേഖരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. ആഗസ്റ്റ് 2016

2 നോവൽ സി. വി മുതൽ ബഷീർ വരെ, ഡോ. ജോർജ്ജ് ഇരുമ്പയം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, ഏപ്രിൽ 2009

3. വിജ്ഞാന മലയാളം, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, നവംബർ 2021

 ISSN: 2582 - 2594